**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3457** **12-03-2025 - ൽ മറുപടിയ്ക്ക്**

**കാർഷികമേഖലയ്ക്ക് ഉണർവ്വ് നൽകാൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത്,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തകർച്ച നേരിടുന്ന കാർഷിക മേഖലയ്ക്ക് ഉണർവ്വ് നൽകാനായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | സർക്കാരിന്റെ സമയബന്ധിതവും കാർഷിക സൗഹൃദവുമായ നടപടികളിലൂടെ കാർഷിക മേഖലയ്ക്ക് ഉണർവും യുവാക്കൾ, സ്ത്രീകൾ, പ്രവാസികൾ, കൃഷി ഉപേക്ഷിച്ച പരമ്പരാഗത കർഷകർ തുടങ്ങിയവരെ കൃഷിയിലേക്ക് ആകർഷിക്കുവാനും സാദ്ധ്യമായിട്ടുണ്ട്.<br><br>താഴെ പറയുന്ന നടപടികൾ ഇക്കാര്യത്തിൽ കൈക്കൊണ്ടു;<br><br>1. ഞങ്ങളും കൃഷിയിലേക്ക് പദ്ധതി ജനകീയ പദ്ധതിയായി നടപ്പാക്കിയതിലൂടെ കുടുംബങ്ങൾ കേന്ദ്രീകരിച്ചുള്ള കൃഷി പ്രോത്സാഹിപ്പിക്കാനായി പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച കൃഷിക്കൂട്ടങ്ങൾ ഉല്പാദന, സേവന, വിപണന, മൂല്യവർദ്ധനവ് മേഖലയിൽ ഇടപെട്ടതിലൂടെ കൃഷി ആദായകരമാക്കുവാനും വരുമാനം ഉറപ്പാക്കുവാനും സാദ്ധ്യമായി.<br><br>2. വിളയധിഷ്ഠിത കൃഷി രീതിയിൽ നിന്നും മാറി വിളയിട അധിഷ്ഠിത (Farm plan) കൃഷി രീതി അവലംബിച്ചതിലൂടെ കർഷക വരുമാനം ഉയർത്തുവാൻ സാദ്ധ്യമായി.<br><br>3. പരമ്പരാഗതമായ വിളകളായ നെല്ല്, നാളികേരം, പച്ചക്കറി തുടങ്ങിയ കൃഷിയെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ കൈക്കൊണ്ടതിലൂടെ മേഖലയിലെ പാരമ്പര്യ കർഷകർക്കും ചെറുകിട കർഷകർക്കും കാർഷിക വൃത്തി ആദായകരമായി.<br><br>4. നെല്ല് സംഭരണം, നാളികേരം, കൊപ്രസംഭരണം 16 ഇനം പഴം പച്ചക്കറികൾക്ക് തറവില എന്നിവ കർഷകർക്ക് പിന്തുണ നൽകുന്ന പദ്ധതികളാണ്.<br><br>5. കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിനുവേണ്ടി കാർഷികോൽപ്പന്നങ്ങളുടെ |

| | | | |
|---|---|---|---|
| | | | കാര്യക്ഷമമായ വിപണന സംവിധാന വികസനം, വിളവെട്ടപ്പിനുശേഷമുള്ള നഷ്ടം തടയൽ, ഉയർന്ന വില ഉറപ്പുവരുത്തുന്നതിനായി മൂല്യവർദ്ധനവിനു പ്രോത്സാഹനം തുടങ്ങിയവയ്ക്ക് ഊന്നൽ നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>6. ലോക ബാങ്കിൽ നിന്നും 200 മില്യൻ ഡോളർ വായ്പ ഉപയോഗിച്ച് അടുത്ത അഞ്ചു വർഷം കൊണ്ട് നടപ്പാക്കുന്ന കേര (KERA) പദ്ധതിയും, സംസ്ഥാനത്ത് കർഷകർക്ക് നൂതന സാങ്കേതിക വിദ്യകൾ ലഭ്യമാക്കുന്നതിനും മൂല്യവർധനവിനും മികച്ച വിപണി ഒരുക്കികൊടുക്കുന്നതിനും രൂപീകൃതമായ KABCO കമ്പനിയും കാർഷിക മേഖലയിലേക്ക് സമൂലമായ മാറ്റങ്ങൾ ഉണ്ടാക്കും<br><br>7. കാർഷിക രംഗത്തെ തൊഴിലാളി ക്ഷാമം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ കാർഷിക യന്ത്രവത്കരണ മേഖലയിൽ ഏകജാലക സംവിധാനമായ കൃഷിശ്രീ സെൻ്ററുകൾ അൻപത് എണ്ണം ആരംഭിച്ചു. കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നല്കുക, തൊഴിലാളി ക്ഷാമം മൂലം തരിശായികിടക്കുന്ന കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉല്പാദനം, വിപണനം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയും ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.<br><br>8. നിലവിലെ സാഹചര്യത്തിന്റെ സാങ്കേതികവിദ്യാധിഷ്ഠിത സ്വഭാവം കണക്കിലെടുത്തുകൊണ്ട് നൂതന സാങ്കേതിക വിദ്യയുടെ മേഖലയിലേക്ക് കർഷകർക്ക് സേവനങ്ങൾ നല്കുന്നതിന്റെ ഭാഗമായി ഇ- ഓഫീസ് സംവിധാനം, AIMS പോർട്ടൽ, KATHIR ആപ്ലിക്കേഷൻ തുടങ്ങിയ വിവരസാങ്കേതിക വിദ്യാധിഷ്ഠിത പരിഷ്കാരങ്ങൾ നടപ്പിലാക്കി.<br><br>9. കൃഷിയ്ക്ക് ആവശ്യമായ ഗുണനിലവാരമുള്ള ഉല്പാദനോപാധികൾ കർഷകർക്ക് നൽകുകയും ലഭിക്കുന്ന ഉല്പാദനോപദികൾ ഗുണമേൻമയുള്ളതാണോ എന്ന് ഉറപ്പ് വരുത്തുവാൻ വകുപ്പുതല ലാബുകൾക്ക് സഹായം നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (ബി) | കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ച നേരിടാനായി ഏതു വിധത്തിലുള്ള ഇടപെടലുകൾ | (ബി) | കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ച നേരിടാനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് പ്രത്യേക |

| | | | |
|---|---|---|---|
| | നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | | പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പ്രധാന വിളകളായ നെല്ല്, നാളികേരം എന്നിവയ്ക്ക് സംഭരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് സുസ്ഥിരമായ നെൽകൃഷി ഉറപ്പ് വരുത്തുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി കർഷകരിൽ നിന്നും സർക്കാർ 28.20 രൂപയ്ക്ക് നെല്ല് സംഭരിക്കുന്നുണ്ട്.<br><br>നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കുവാനും സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കുവാനും കേരഫെഡ് നേരിട്ടും, സഹകരണസംഘങ്ങൾ, FPO-കൾ എന്നിവ മുഖേനയും, VFPCK, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ (KSCDC) എന്നിവ മുഖേനയും പച്ചത്തേങ്ങ കിലോയ്ക്ക് 34/- രൂപ സംഭരണ വില നൽകി സംഭരിച്ചു വരുന്നു.<br><br>റബ്ബർ വിലയിടിവിനെ ചെറുക്കാൻ സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം (RPIS) നടപ്പിലാക്കി വരുന്നു. അർഹമായ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റിറ്റീവ് രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. 2024 മാർച്ച് 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് കിലോഗ്രാമിന് 180/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾക്ക് വിളവെടുപ്പ് സമയത്തുണ്ടാകുന്ന വിലയിടിവ് പലപ്പോഴും വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി വ്യാപനത്തിന് തടസ്സമാകുന്നു. ഇത് പരിഹരിക്കുന്നതിനും സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനുമായി കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാന വില പദ്ധതി, 2020 നവംബർ ഒന്ന് മുതൽ നടപ്പിലാക്കി വരുന്നു.<br><br>മേൽപ്പറഞ്ഞവയ്ക്ക് പുറമേ, 'വില സ്ഥിരതയ്ക്കുള്ള വിപണി ഇടപെടൽ' എന്ന പദ്ധതിയിലൂടെ ഓണക്കാലത്ത് പ്രത്യേക വിപണികൾ നടപ്പിലാക്കിയും, സംഭരണ ഏജൻസികളായ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ, കേരഫെഡ്, മാർകറ്റ്ഫെഡ്, കേരളാ സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയ്ക്ക് ധനസഹായം നൽകിയും സംസ്ഥാനത്തെ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് വില ഉറപ്പ് വരുത്താൻ ശ്രമിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ? | (സി) | ദ്വിതീയ കാർഷിക മേഖലയെ (Secondary Agriculture) പ്രോത്സാഹിപ്പിക്കുന്ന നടപടികളാണ് കൃഷി വകുപ്പ് കൈക്കൊള്ളുന്നത്. മൂല്യവർധന മേഖലയിലെ കൃഷിക്കൂട്ടങ്ങൾ, FPO കൾ തുടങ്ങിയവരെ മൂല്യവർദ്ധന മേഖലയിലേയ്ക്ക് ആകർഷിക്കുവാൻ സർക്കാർ നടപടികൾ കൈക്കൊള്ളുന്നുണ്ട്. 'സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (എസ്.എഫ്.എ.സി) മുഖാന്തിരം കൃഷിക്കൂട്ടങ്ങൾക്കും വ്യക്തിഗത സംരംഭകർക്കും സഹായം നൽകുന്നു. ഇത് കൂടാതെ സർക്കാർ/പൊതുമേഖല/സഹകരണ മേഖല/ കുടുംബശ്രീ യൂണിറ്റുകൾ/ എഫ്.പി.ഒകൾ എന്നിവ മുഖേനയുള്ള വിപണനത്തിനും മൂല്യവർദ്ധനവിനും പദ്ധതി അധിഷ്ഠിത സഹായം നൽകുവാനും, കാർഷിക മേഖലയിലെ അഗ്രി സ്റ്റാർട്ടപ്പുകളേയും സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള കണ്ടുപിടിത്തങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കർഷക സംഘടനകളെ പ്രോത്സാഹിപ്പിക്കുന്നതിനും SFAC സഹായം നൽകുന്നുണ്ട്. സംസ്ഥാനത്തെ കാർഷിക രംഗത്ത് മൂല്യവർധനം ഉറപ്പാക്കുന്നതിനും അതിലൂടെ കർഷകർക്ക് മികച്ച വരുമാനം ലഭ്യമാക്കുന്നതിനുമായി കേരള അഗ്രോ ബിസിനസ്സ് എന്ന കമ്പനി കൃഷി വകുപ്പ് രൂപീകരിച്ചിട്ടുണ്ട്.<br><br>"ഒരു കൃഷി ഭവൻ ഒരു മൂല്യവർധിത ഉൽപ്പന്നം" എന്ന പദ്ധതിയിലൂടെയും കാർഷിക മേഖലയിലെ മൂല്യവർധിത ഉല്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. മൂല്യവർധിത ഉല്പന്നങ്ങൾക്ക് 'കേരളഗ്രോ' ബ്രാൻഡ് നൽകിയും കേരളഗ്രോ സ്റ്റോറുകൾ ആരംഭിച്ചും മൂല്യവർധിത ഉല്പന്നങ്ങളുടെ പാക്കിങ് ആകർഷകമാക്കുവാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങ് -മായി ചേർന്ന് പരിശീലനം നൽകിയും മൂല്യവർധിത കാർഷിക മേഖലയെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നു.<br><br>കൂടാതെ, വിവിധ പുതിയ ഇടപെടലുകളായ കൃഷി സമൃദ്ധിയിലും, മറ്റു പദ്ധതികളായ കൃഷിയിടാധിഷ്ഠിത ആസൂത്രണ സമീപനത്തിൽ ഉൾപ്പെട്ട പദ്ധതികളിലും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിനു പ്രോത്സാഹനം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ